പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

## സാമൂഹ്യ-സാമ്പത്തിക-ജാതി സെൻസസ്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3297

12.12.2014 ൽ മറുപടി നൽകേണ്ടിയിരുന്നത്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി.വി.രാജേഷ് | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | 2012 ഏപ്രിൽ 10-ന് ആരംഭിച്ച സാമൂഹ്യ-സാമ്പത്തിക-ജാതി സെൻസസിൽ ധാരാളം തെറ്റുകൾ കടന്നുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തെറ്റുകൾ തിരുത്തി ലിസ്റ്റ് പ്രസിദ്ധീകരിച്ചോ; ഇല്ലെങ്കിൽ, എപ്പോൾ പ്രസിദ്ധീകരിക്കാൻ കഴിയും; | (എ) | 2014 മേയ് 19 ന് പ്രസിദ്ധീകരിച്ച സാമൂഹിക സാമ്പത്തിക ജാതി സെൻസസിന്റെ കരട് ലിസ്റ്റിൽ ഏതാനും തെറ്റുകൾ കടന്നു കൂടിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. തെറ്റുകൾ തിരുത്തിയശേഷം അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. ഇതുവരെ ലഭിച്ച പരാതികളുടെ ഹിയറിംഗും അപ്പീലുകളും പരിശോധിച്ച് 2015 മാർച്ച് 31 നകം അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത സെൻസസിനായി ഇതുവരെ എത്ര തുക ചെലവഴിച്ചു; വിശദാംശം നൽകുമോ; | (ബി) | കേരളത്തിൽ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് നടത്തുന്നതിനായി കേന്ദ്രസർക്കാർ വകയിരുത്തിയിട്ടുള്ളത് 47.48 കോടി രൂപയാണ്. ഇതുവരെ 45.11 കോടി രൂപ ലഭിക്കുകയും 44.76 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. |
| (സി) | പ്രസിദ്ധീകരിക്കാൻ പോകുന്ന സാമൂഹ്യ-സാമ്പത്തിക-ജാതി സെൻസസ് അടിസ്ഥാനമാക്കി ബി.പി.എൽ. പട്ടിക പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ആയതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (സി) | കേന്ദ്രസർക്കാരിന്റെ പൂർണ്ണ സാമ്പത്തിക, സാങ്കേതിക സഹായത്തോടെ നടപ്പിലാക്കുന്ന ഈ സെൻസസ് വിവരങ്ങൾ കേന്ദ്രസർക്കാരിന്റെ മാത്രം കൈവശത്തിലാണ്. സാമൂഹിക സാമ്പത്തിക ജാതി സെൻസസ് വിവരങ്ങളെ ആധാരമാക്കിയായിരിക്കും പദ്ധതി ഗുണഭോക്താക്കളെ കണ്ടെത്തുക എന്നാണ് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച ലിസ്റ്റിലെ ഒഴിവാക്കൽ ഉൾപ്പെടുത്തൽ, ദാരിദ്ര്യ/ക്ലേശ ഘടകങ്ങൾ സംബന്ധിച്ച് കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുള്ള നിലവിലെ മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | ഈ ലിസ്റ്റ് ഉപയോഗിച്ച് ഭക്ഷ്യസുരക്ഷാനിയമപ്രകാരമുള്ള ഗുണഭോക്താക്കളെ കണ്ടെത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | 04.01.2011 ലെ സ.ഉ.(കൈ)നം.16/11/തസ്വഭവ, 27.04.2012 ലെ സ.ഉ.(കൈ)112/12/തസ്വഭവ ഉത്തരവുകളുടെ (ബി.പി.എൽ. മാനദണ്ഡം) അടിസ്ഥാനത്തിൽ ഓരോ കുടുംബത്തിന്റെയും വിവരം ശേഖരിച്ച് റാങ്കിംഗ് നടത്തിയാണ് അർഹതയുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**ഒഴിവാക്കൽ**

1. രണ്ട്, മൂന്ന്, നാല് ചക്ര വാഹനങ്ങൾ, മത്സ്യബന്ധന ബോട്ടുകൾ സ്വന്തമായുള്ള കുടുംബം
2. യന്ത്രവത്കൃത മൂന്ന്/ നാല് ചക്ര കാർഷിക ഉപകരണങ്ങൾ സ്വന്തമായുള്ള കുടുംബം
3. 5000 രൂപയ്ക്ക് മേൽ കിസാൻ ക്രെഡിറ്റ് കാർഡ് ഉള്ളവർ
4. ഒരംഗമെങ്കിലും സർക്കാർ ഉദ്യോഗസ്ഥനായിട്ടുള്ള കുടുംബം
5. ഏതെങ്കിലും കാർഷികേതര സ്ഥാപനം സർക്കാരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബം
6. പ്രതിമാസം 10000 രൂപയ്ക്ക് മേൽ വരുമാനമുള്ള ഒരംഗമെങ്കിലും ഉള്ള കുടുംബം.
7. വരുമാനനികുതി നൽകുന്ന കുടുംബം
8. തൊഴിൽനികുതി നൽകുന്ന കുടുംബം
9. മെച്ചപ്പെട്ട ചുമരുകളും, മേൽക്കൂരയുമുള്ള മൂന്നിലധികം മുറികൾ ഉള്ള വീട് സ്വന്തമായുള്ള കുടുംബം
10. റഫ്രിജിറേറ്റർ സ്വന്തമായുള്ള കുടുംബം
11. ലാൻഡ് ഫോൺ സ്വന്തമായുള്ള കുടുംബം
12. ഒരു ജലസേചന ഉപകരണവും 2.5 ഏക്കറിലധികം ജലസേചനസൗകര്യമുള്ള ഭൂമി സ്വന്തമായുള്ള കുടുംബം

**ഉൾപ്പെടുത്തൽ**

1. ഭവനരഹിതകുടുംബം
2. അഗതി/ആശ്രിതരായിട്ടുള്ള കുടുംബം
3. തോട്ടിപ്പണിക്കാർ
4. ആദിമഗോത്രവർഗ്ഗം
5. നിയമാനുസൃതം മോചിപ്പിക്കപ്പെട്ട അടിമപ്പണിക്കാർ

**ദാരിദ്ര്യ/ക്ലേശ ഘടകങ്ങൾ**

1. മോശപ്പെട്ട ചുമരുകളും മേൽക്കൂരയുമുള്ള ഒറ്റമുറി വീടുകൾ ഉള്ള കുടുംബം
2. 18 നും 59 നും ഇടയ്ക്ക് പ്രായമുള്ള ഒരംഗം പോലും ഇല്ലാത്ത കുടുംബം
3. 18 നും 59 നും ഇടയ്ക്ക് പ്രായമുള്ള ഒരു പുരുഷ അംഗം പോലുമില്ലാത്ത സ്ത്രീകൾ നാഥയായ കുടുംബം
4. വികലാംഗരുള്ള കുടുംബം
5. പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ
6. 25 വയസ്സിന് മേൽ പ്രായമുള്ള സാക്ഷരരായ ഒരംഗം പോലും ഇല്ലാത്ത കുടുംബം
7. സ്വന്തമായി ഭൂമിയില്ലാത്ത, വരുമാനത്തിന്റെ ഭൂരിഭാഗവും ആകസ്മിക-കായിക തൊഴിലുകളിൽനിന്നാവുക

Dey